"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കേണ്ട സമയപരിധി ദീർഘിപ്പിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1248/2026/LSGD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-
1. സ.ഉ. (കൈ) നം. 79/2021/ധന; തീയതി 15.07.2021
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ(കൈ)നം. 113/2024/തസഭവ, തീയതി 29.08.2024
5. സ.ഉ.(കൈ)നം.16/2026/തസ്വഭവ; തീയതി 12.01.2026
6. സ.ഉ.(സാധാ) നം.911/2026/LSGD; തീയതി 23.04.2026
7. സ.ഉ.(സാധാ) നം.1091/2026/LSGD; തീയതി 02.06.2026
8. 2026 ജൂൺ 19-ന് അവതരിപ്പിച്ച പുതുക്കിയ സംസ്ഥാന ബജറ്റ്
9. സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിന്റെ 03.07.2026ലെ എസ്.പി.ബി/91/2026/ഡി.പി.ഡി നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2026-27 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് പരാമർശം 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. പരിഷ്കരിച്ച വാർഷിക പദ്ധതി 2026 ജൂൺ 30 - നകം ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് നിലവിൽ വന്നതിനാലും 2026-27 വർഷത്തേക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചിട്ടുള്ളതിനാലും പരാമർശം 7 ഉത്തരവ് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. 2026-27 വർഷത്തെ പുതുക്കിയ ബജറ്റ് - അനുബന്ധം IV ലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിന്റെ അടിസ്ഥാനത്തിലും സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി ഉൾപ്പെടുത്തിയുമാണ് 2026-27 വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടത്.
2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഇതുവരെ

ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഹെൽത്ത് ഗ്രാന്റ്, നഗര സഞ്ചയത്തിനുള്ള ഗ്രാന്റ് ഉൾപ്പെടെ), 31.03.2026 വരെയുള്ള പലിശ തുക എന്നിവ ഉൾപ്പെടെയുള്ള തുകയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

3. പതിനാറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് നിലവിൽ വന്നിട്ടുണ്ടെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അന്തിമമാക്കേണ്ടതുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് സംബന്ധിച്ചുള്ള മാർഗ്ഗരേഖ കേന്ദ്ര സർക്കാർ ഉത്തരവാക്കിയിട്ടുണ്ട്. നഗരഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖ കൂടി പുറപ്പെടുവിക്കുന്ന മുറയ്ക്ക് പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും 2026-27 വാർഷിക പദ്ധതി സ്പിൽ ഓവർ ഉൾപ്പെടുത്തി അന്തിമമാക്കുന്നതിനായി പുതുക്കിയ ബജറ്റ് - അനുബന്ധം IV പ്രകാരം ലഭ്യമായിട്ടുള്ള പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.
4. 2026-27 വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ബേസിക് ഗ്രാൻറ് (അടിസ്ഥാന വിഹിതം) ഇനത്തിൽ ആണ് തുക വകയിരുത്തിയിട്ടുള്ളത്. ബേസിക് ഗ്രാന്റിനെ - ടൈഡ് ഗ്രാന്റ്, അൺ ടൈഡ് ഗ്രാന്റ് — എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് റിപ്പോർട്ട് പ്രകാരം അൺ ടൈഡ് ഗ്രാന്റ് ശമ്പളത്തിനും എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കും അനുവദനീയമല്ല. കൂടാതെ അൺ ടൈഡ് ഗ്രാന്റ് വിഹിതത്തിന്റെ 20% ത്തിൽ കൂടുതൽ തുക റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി വകയിരുത്താനും പാടില്ല. ടൈഡ് വിഹിതം ശുചിത്വവും ഖരമാലിന്യ സംസ്കരണവും അല്ലെങ്കിൽ ജല വിഭവ പരിപാലനം അല്ലെങ്കിൽ ഇവ രണ്ടും ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾക്ക് മാത്രം വിനിയോഗിക്കാവുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തികളുടെ O&M ചിലവുകൾക്ക് കൂടി തുക ഉപയോഗിക്കാവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗിക്കാൻ പാടില്ല.
5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം സാധാരണ വിഹിതം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ, കേന്ദ്ര വിഹിതം ലഭ്യമാകാത്ത തദ്ദേശ ഭരണ സ്ഥാപന പ്രൊജക്ടുകൾക്ക് പതിനാറാം ധനകാര്യ കമ്മീഷൻ മാർഗ്ഗരേഖക്ക് അനുസൃതമായി ധനകാര്യ കമ്മീഷന്റെ തുക ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കാവുന്നതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത വഹിക്കുന്നതിനും പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗിക്കാവുന്നതാണ്. അൺ ടൈഡ് ഗ്രാന്റിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏത് ആവശ്യങ്ങൾക്കും അൺ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.
6. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, ലഭ്യമാകാവുന്ന ക്യാരിഓവർ തുകയെ സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുകയും അതിനനുസൃതമായി വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയുടെ കാര്യത്തിലും, മെയിന്റനൻസ് ഫണ്ടിന്റെ

കാര്യത്തിലും പരാമർശം (1) പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം വരെ) ഉൾപ്പെടുത്താവുന്നതാണ്.

7. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ പരാമർശം (1) പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ (80 ശതമാനം) കുറഞ്ഞതുക 2025-26 ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2026-27 ലെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തുന്നതിന് റിലീസ് ചെയ്തു ലഭിച്ച തുക അടിസ്ഥാനപ്പെടുത്തേണ്ടതാണ്. മേല്പറഞ്ഞ പ്രകാരം വാർഷിക പദ്ധതിയുടെ അടങ്കൽ തുക ക്രമപ്പെടുത്തേണ്ടതിനാൽ പുതിയ പ്രോജക്ടുകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.
8. പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ സമയബന്ധിതമായി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ട്. അതിനാൽ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ പ്രോജക്ടുകൾ സമയബന്ധിതമായി ഉൾപ്പെടുത്തുന്ന വിഷയത്തിൽ ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ പ്രത്യേക അവലോകനം ജില്ലാ ആസൂത്രണ സമിതി നടത്തേണ്ടതാണ്.
9. 2026-27 വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ പരാമർശം (5) പ്രകാരം നിർദേശിച്ചിരുന്ന മുൻഗണനാ പരിപാടികൾക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നല്കി പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.
10. കേരള പുനർനിർമ്മാണ പദ്ധതിയുടെ (Rebuild Kerala Initiative) ഭാഗമായി, പമ്പാനദീതട ജില്ലകളായ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നടപ്പാക്കുന്ന 'പ്രോഗ്രാം ഫോർ റിസൾട്ട്സിൽ' (Disbursement Linked Indicator-5) പങ്കാളികളായ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പരാമർശം (4) പ്രകാരം പെർഫോമൻസ് ഇൻസന്റീവ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ വിഹിതത്തിൽ ചിലവഴിച്ചതിൽ അവശേഷിക്കുന്ന തുക കൂടി ക്യാരിഓവർ ചെയ്ത് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

2. 2026-27 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും, 2025-26 ലെ സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2026-27ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനും മാർഗ്ഗനിർദേശങ്ങൾ പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി 2026-27 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3. 2026-27 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി, **2026 ജൂലൈ 31** വരെ ദീർഘിപ്പിച്ചും ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഷ്കരിച്ച വാർഷിക പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക്, ജില്ലാ ആസൂത്രണ സമിതികൾ യോഗം ചേർന്ന് ആയത് പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 06-07-2026 13:16:59
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്